# *എഴുത്തിലെ ചഞ്ചല സ്വരങ്ങൾ: ലക്ഷ്യവും ലക്ഷണവും*

## (മൂന്ന് ഭാഗങ്ങളിൽ)

***[ന്യൂ യോർക്കിലെ വിചാരവേദിയിൽ നവമ്പർ 8, 2015 ന് ഡോ: എ. കെ. ബി. പിള്ളയുടെ അദ്ധ്യക്ഷതയിൽ നടന്ന "എഴുത്തിന്റെ ഉദ്ദേശ്യം" എന്ന സിമ്പോസിയത്തിൽ അവതരിപ്പിച്ചത്.]***

**[പ്രൊഫസ്സർ (ഡോ.) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]**

## <u>ഭാഗം 1</u>

### 1
### മകൻ അച്ഛനെ വെല്ലുമ്പോൾ

**വിചാരവേദി** ഒമ്പതാം വാർഷികം ഘോഷിക്കുകയാണ്. സർഗ്ഗവേദിയിൽ നിന്നും വേർപിരിഞ്ഞ ചില വ്യക്തികളടങ്ങുന്ന കൂട്ടായ്മ. പഴങ്കഥകൾ എനിക്കു കേട്ടുകേൾവി മാത്രമാണ്. സംഘടനകൾ വിഘടിക്കുന്നുവെന്നു മാത്രം ഞാനറിഞ്ഞു. എന്തുകൊണ്ടെന്ന് അന്വേഷിച്ചു; എഴുതി.

**വിചാരവേദിയുടെ** മുഖമുദ്ര ശക്തമായ കൌടുംബിക സൌഹൃദമാണ്. അതിന്റെ സാരഥികൾ നിരന്തരം എഴുതുന്ന അംഗീകാരം നേടിയ സാഹിത്യകാരന്മാരാണ്. അതുകൊണ്ടുതന്നെ സാഹിത്യേതര ഘടകങ്ങൾ അതിനെ ഭരിക്കാൻ മിക്കവാറും അവർ അനുവദിക്കാറില്ല. ജനകീയതയും മതനിരപേക്ഷതയും പുലർത്തുന്നവരാണ് അംഗങ്ങളിൽ അധികവും. അമേരിക്കയിലെ ഏറ്റവും ശക്തമായ സാഹിത്യകൂട്ടായ്മ വിചാരവേദിയെന്ന് ജനം അടക്കം പറയാൻ തുടങ്ങിയിരിക്കുന്നു.

**ഇക്കൊല്ലത്തെ** ലാനാ അവാർഡ് കൃതിയായ എന്റെ "അക്ഷരത്താഴിന്റെ നഷ്ടപ്പെട്ട ചാവികൾ" എന്ന കവിതാസമാഹാരവും, "'ആരാണ് വിദ്യാധരനും' സാമൂഹ്യപാഠങ്ങളും" എന്ന എന്റെ ലേഖന സമാഹാരവും, "A Sojourner's Rhapsodies in Alphabetical Order" എന്ന ഇംഗ്ലീഷ് കവിതാസമാഹാരവും

വിശദമായ ചർച്ചയ്ക്കു വശംവദമാക്കിയ വേദിയെന്ന നിലയിൽ എനിക്ക് വിചാരവേദിയോട് പ്രത്യേക കടപ്പാടുണ്ട്. ധാർമ്മികതയ്ക്കും എഴുത്തിലെ കൃത്യതയ്ക്കും, കൃത്യനിഷ്ഠാ പരിപാലനത്തിനും, അനാരോഗ്യ പ്രവണതകൾ ഒഴിവാക്കാനും ഞാൻ പ്രകടിപ്പിച്ച പല അഭിപ്രായങ്ങൾക്കും വിചാരവേദിയുടെ പിന്തുണ ഉണ്ടായിട്ടുണ്ടെന്ന് ഓർമ്മിക്കുന്നു.

## 2
## സാഹിത്യകാരൻ എന്ന എഴുത്തുകാരൻ

**നാളിതുവരെയുള്ള** നമ്മുടെ സാംസ്കാരിക വളർച്ചയ്ക്ക് സഹായകമായിട്ടുള്ള ഏറ്റവും വലിയ ഘടകം ഭാഷയാണ്. ചിന്തയെ തർജ്ജമ ചെയ്യുന്ന ആന്തരിക തേജസ്സാണ് ഭാഷ. ഭാഷയുടെ മൂലകം: അക്ഷരം; അതിന്റെ സംയുക്തം: വാക്ക്; അകൃതീപ്രകൃതികൾ: വാചകക്കൂട്ട്. ഈ വിഭവശേഷി വിദഗ്ദമായി ക്രയവിക്രയം ചെയ്യുന്ന ആചാര്യനാണ് എഴുത്തുകാരൻ. എഴുത്ത് സർഗ്ഗവൈഭവത്തോടെ കൈകാര്യംചെയ്യുന്ന ശിൽപ്പിയാണ് സാഹിത്യകാരൻ. ഇന്നത്തെ ചർച്ചയിൽ, എഴുത്തുകാരൻ എന്നാൽ സാഹിത്യകാരൻ.

**തന്റെ** മനോദർപ്പണം സമൂഹത്തിനു നേർക്കു തുറന്നുപിടിക്കുന്ന ഗുരുവാണ് സാഹിത്യകാരൻ. "പൊതുജനം ഗുഹയിൽ ചടഞ്ഞിരിക്കുന്ന തടവുകാരെങ്കിൽ, മാളത്തിൽനിന്നും പുറത്തുകടന്ന്, ചിന്താസാധനയിലൂടെ ലഭിച്ച വെളിച്ചവും ഉൾക്കാഴ്ചയും സമൂഹത്തിനു സമർപ്പിക്കുന്നവനാണ് തത്ത്വചിന്തകൻ" എന്ന പ്ലേറ്റോയുടെ റിപ്പബ്ലിക്കിലെ നിർവ്വചനം സാഹിത്യകാരനും ചേരും. നല്ല സാഹിത്യം തരുന്ന ചിന്ത മനുഷ്യനെ സ്വാധീനിക്കുന്നു.

## 3
## എഴുത്തിന്റെ വഴികൾ, വഴികാട്ടികൾ

**"എഴുത്തോ,** നിന്റെ കഴുത്തോ" എന്ന കവിവാക്യം നമ്മെ അറിയിക്കുന്നത് എഴുത്തിന്റെ ശക്തിയും പരിമിതിയും സൃഷ്ടിക്കുന്ന പരിവർത്തന ശൃംഖലയിൽ കുരുങ്ങുന്ന ഗളച്ഛേദസാദ്ധ്യതയാണ്. അതുകൊണ്ടുതന്നെ, സ്ഥാപനങ്ങളോടും സ്ഥാപിത താൽപ്പര്യങ്ങളോടും മല്ലിടുമ്പോൾ എഴുത്തുകാരൻ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. അരക്ഷിതാ

മനോഭാവം നടമാടിയ 1975-ലെ അടിയന്തരാവസ്ഥ, **"Eternal vigilance is the price of liberty"** എന്ന ആപ്തവാക്യം നിരന്തരം ഓർമ്മിപ്പിക്കുന്ന വെറും സൂചിത കഥയല്ല!

**ഭാരതീയ** സംസ്കൃതിയുടെ ഉപോല്പന്നമാണ് പൌരാണിക സാഹിത്യത്തെ നിർവ്വചിക്കാനും വിലയിരുത്താനും ഉപയുക്തമായ കാവ്യവും കാവ്യമീമാംസയും. അവ എഴുത്തിന്റെ താത്ത്വികമായ അന്നത്തെ അടിത്തറ കെട്ടിയുയർത്തി. കാലികത്വവും ശാശ്വതത്വവും അതിജീവന മന്ത്രമാക്കി ഉരുട്ടിത്തന്നു.

**സൌന്ദര്യാധിഷ്ഠിതമാണ്** നമ്മുടെ പൌരാണിക കാവ്യാസ്വാദന സങ്കല്പം. ആസ്വാദനത്തിന്റെ വ്യത്യസ്ത തലങ്ങളിൽ മുന്തിയതും സൌന്ദര്യസങ്കല്പം തന്നെ. ആ സൌന്ദര്യം സുസാദ്ധ്യമാക്കുന്ന സാഹിത്യകാരൻ പ്രജാപതിക്കു തുല്യൻ എന്നാണ് വിശ്വസിക്കുന്നത്.

"അപാരേ, കാവ്യസംസാരേ
കവിരേവ പ്രജാപതി:"

**ഹൃദയം** വെട്ടിത്തുറന്നും തുരന്നും വെറുതെ കാട്ടലല്ല സാഹിത്യം. സൌന്ദര്യത്തിന്റെ പുതിയ ഭാവതലങ്ങൾ നീട്ടിത്തരലാണത്. ആ അനുഭൂതി നമുക്ക് മാനസികോല്ലാസം തരുന്നു. ആ ഭാവം നമ്മുടെ ആത്മസംഘർഷം അകറ്റുന്നു. നാം റിലാക്സ്ഡ് ആകുന്നു. ചുറ്റുവട്ടത്തുള്ള സകലതിനേയും സ്നേഹിക്കാൻ തുടങ്ങുന്നു. പരമ ലക്ഷ്യങ്ങളായ ശാന്തിയും സമാധാനവും കൈവരുന്നു. യുദ്ധഭീഷണി അകലുന്നു. സംഘട്ടനം ഒഴിയുന്നു. മനുഷ്യൻ സുഖമായി ഉറങ്ങി വിശ്രമിക്കുന്നു.

**സാഹിത്യം** പോലെ കലകളും (സ്വരങ്ങളുടെ ഏറ്റവും മധുരമായ ചേരുവയുള്ള സംഗീതം; ഭാവനയുടെ ചായക്കൂട്ടു തേച്ചു മിനുക്കുന്ന ചിത്രരചന, ദൃശ്യമാധ്യമങ്ങളുടെ രാജനായ സിനിമ, രംഗത്തു ജീവിക്കുന്ന നാടകം) ഈ കൃത്യം ഒരു പരിധി വരെ നിർവ്വഹിക്കുന്നു. എന്നാൽ, സാഹിത്യകല അനുഭവവേദ്യമാക്കുന്ന അനുഭൂതി, ചിന്താമണ്ഡലത്തിൽ ഏറെക്കാലം തുളഞ്ഞു പ്രസരിക്കുന്നു. ഗ്രീക്കുകാരുടെ "കഥാർസിസ്" എന്ന ആശയവും അതിന്റെ പ്രതിഫലനം തന്നെ. ഡിക്കെൻസിന്റെ ക്രിസ്മസ് കരോളിലെ സ്ക്രൂജിന്റെ മനംമാറ്റം വായനക്കാരനെ സ്വാധീനിക്കുന്നത്

ഉദാഹരണം.

**എന്തിന്** എഴുതുന്നു? ഈ ചോദ്യം ഒരു എഴുത്തുകാരനോട് ചോദിച്ചാൽ നാനാത്വത്തിൽ ഏകത്വമില്ലാത്ത ഉത്തരമാണ് ലഭിക്കുക. ആരാണ് എഴുത്തുകാരൻ എന്ന ചോദ്യത്തിന്റെ ഉത്തരം ചിലർക്ക് അടിസ്ഥാനപരമായ സാഹിതീസേവനനിയോഗി എന്നോ സ്വയം സമർപ്പിക്കുന്നവനോ എന്നാകാം; ചിലർക്കത് പ്രായോഗിക ആവശ്യങ്ങൾക്കുള്ള ഉപാധിയാകാം.

**അധാരമെഴുത്തിലും** പകർത്തിയെഴുത്തിലും നാം സർഗ്ഗാത്മകത ദർശിക്കുന്നില്ല. പരസ്യകലയിലും പത്രക്കുറിപ്പിലും ചിലപ്പോൾ സർഗ്ഗാത്മകത നിഴലിക്കാറുണ്ട്. മുദ്രാവാക്യവും പടപ്പാട്ടും ദേശാഭിമാനക്കവിതകളും ഭക്തിഗാനങ്ങളും സാരോപദേശക്കഥകളും വാർത്താലേഖനങ്ങളും ശാസ്ത്രലേഖനങ്ങളും പല വൈജ്ഞാനീയങ്ങളും സർഗ്ഗസാഹിത്യത്തിന്റെ കള്ളിയിൽ നാം കൂട്ടുചേർക്കാറില്ല.

**സ്വന്തം** വിശ്വാസങ്ങളെ മുറിപ്പെടുത്തുന്ന സംഭവവികാസങ്ങൾ കാണുമ്പോൾ എഴുത്തുകാരൻ താനേ ആവേശത്തോടെ പ്രതികരിക്കുന്നു. അതിന്റെ ശാക്തികമുനയിൽ കൊണ്ടാണ് ചാർളി ഹെബ്ദോയിലെ ഫ്രെഞ്ചുകാർടൂണും, കർണ്ണാടകത്തിലെ കുൽബുർഗിയുടെ എഴുത്തും, ബംഗ്ലാദേശിലെ അവിജിത് റോയിയുടെ ബ്ലോഗും മതതീവ്രവാദികളുടെ തോക്കിന്നിരയാകുന്നത്. അമിതമായ വ്യക്തി സ്വാതന്ത്ര്യം ദോഷകരമാണെങ്കിലും മതനിരപേക്ഷത വിളയേണ്ട ഭൂവിൽ, അതായത്, ഏതു മതം പിന്തുടരണം എന്ന് വ്യക്തിക്കു വിട്ടു കൊടുക്കുന്ന, ശരിയെന്ന് കാലാകാലമായി തീർപ്പ് വിധിച്ചിട്ടുള്ള അനുഭവ സമ്പത്തിൽ, തീവ്ര പിന്തിരിപ്പൻ ആശയങ്ങൾ വീണ്ടും മുള പൊട്ടുന്നത് അപകടകാരിയാണ്. വ്യക്തിഗത വിശ്വാസങ്ങൾക്കും ഇച്ഛാശക്തിക്കും ഭക്ഷണരീതിക്കും വസ്ത്രധാരണ വൈവിദ്ധ്യത്തിനും പ്രണയം പ്രകടിപ്പിക്കുന്ന മാർഗ്ഗത്തിനും എതിരെ കുരിശുയുദ്ധം നടത്തുന്ന പ്രവണത, വ്യക്തി സ്വാതന്ത്ര്യത്തിന് എതിരെയുള്ള കയ്യേറ്റമായി വ്യാഖ്യാനിക്കപ്പെടും.

**പണ്ടത്തെ** സാഹിത്യ പരിഷത്ത് സമ്മേളനങ്ങളിലും മറ്റു പുരോഗമന സാഹിത്യ പ്രസ്ഥാനക്കാരുടെ സദസ്സുകളിലും ഉച്ചത്തിൽ ചർച്ച ചെയ്തിരുന്ന ഒരു വിഷയമായിരുന്നു: “കല കലയ്ക്കു വേണ്ടിയോ?”യെന്നത്. തകഴിയും മുണ്ടശ്ശേരിയും ദേവും സാമൂഹ്യ പ്രതിബദ്ധതയ്ക്കു വേണ്ടി വാദിച്ചപ്പോൾ, മാരാരും മറ്റും കാലാതീതമായ സാഹിത്യ സൃഷ്ടിക്കുവേണ്ടി നിലകൊണ്ടു.

രണ്ടു വാദങ്ങളിലും ധാരാളം ശരികളുണ്ട്.

**ഇത്തരം** വാദഗതി ശാസ്ത്ര ഗവേഷണ കാലത്ത് ഞാൻ ധാരാളം കേട്ടിട്ടുണ്ട്. ബേസിക് റിസർച്ചോ അപ്ലൈഡ് റിസർച്ചോ ആവശ്യം? ഒരു കഥ പറയാം: മൈക്കിൾ ഫാരഡെ, വിദ്യുച്ഛക്തി കണ്ടുപിടിച്ച അവസരത്തിൽ, വിക്ടോറിയാ രാജ്ഞി അദ്ദേഹത്തിന്റെ പരീക്ഷണശാല സന്ദർശിച്ചപ്പോൾ ചോദിച്ചത്രെ: "ഇതുകൊണ്ട് എന്താ ഗുണം?" ഫാരഡെ പ്രതിവചിച്ചത്രെ: "മേഡം, ഒരു നവജാത ശിശുവിന്റെ ഉപയോഗം ആരെങ്കിലും അന്വേഷിക്കുമോ?" പല പുതിയ ആശയങ്ങളും ഉൾക്കൊള്ളുന്ന കൃതികളുടെ അർത്ഥം ചിലപ്പോൾ കാലംകൊണ്ടേ വെളിപ്പെടൂ! പ്രയോഗവാദിയും, ഉപയോഗവാദിയും, ആദർശവാദിയും എല്ലാം ഉൾപ്പെടുന്നതാണ് സമൂഹം.

**(തുടരും)**